RCS/2274/2020-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 30.03.2020

## സർക്കുലർ നമ്പർ 23/20

വിഷയം:- സഹകരണ വകുപ്പ് - വാർഷിക സ്റ്റോക്കിന്റെ ഭൗതിക പരിശോധന- കോവിഡ് 19 രോഗവ്യാപനം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

*****

സംസ്ഥാനത്ത് കോവിഡ് 19 രോഗവ്യാപന ഭീക്ഷണി നിലനിൽക്കുന്ന പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ 31.03.2020 ന് നടത്തേണ്ട നീക്കിയിരിപ്പ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവുക്കുന്നു.

1. സഹകരണ സ്ഥാപനങ്ങൾ/ബാങ്കുകൾ നിലവിലുള്ള സ്റ്റോക്ക് പരിശോധന മാനദണ്ഡങ്ങൾക്കനുസൃതമായി 31.03.2020 അടിസ്ഥാനമാക്കി ആവശ്യമായ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കേണ്ടതാണ്.
2. ഇപ്രകാരം സ്റ്റോക്ക് സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുമ്പോൾ അവശ്യ സർവ്വീസുകളായ . നീതി മെഡിക്കൽ സ്റ്റോർ/ആശുപത്രികൾ/ലാബുകൾ, പാൽ സംഭരണം, വിതരണം തുടങ്ങിയ സ്ഥാപനങ്ങൾ അടച്ചിടുന്ന സാഹചര്യം ഉണ്ടാകരുത്.
3. നിയമാനുസൃതം സ്റ്റോക്ക് പരിശോധനക്ക് ചുമതലപ്പെട്ട സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ സംഘങ്ങൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റുകളെ അടിസ്ഥാനപ്പെടുത്തിയുള്ള ഭൗതിക സ്റ്റോക്ക് പരിശോധന 30.04.2020ന് മുൻപായി പൂർത്തികരിക്കേണ്ടതാണ്.
4. 2020 ഏപ്രിൽ 30 ന് മുൻപായി സ്റ്റോക്ക് പരിശോധന നടത്തുമ്പോൾ 31.03.2020 ന് ശേഷം, സ്റ്റോക്ക് പരിശോധിക്കുന്ന തീയതി വരെയുള്ള ഇടപാടുകൾ പരിശോധിച്ച് 31.03.2020 ലെ സ്റ്റോക്ക്/ക്യാഷ് മായി ക്രമീകരിച്ച് ഭൗതിക പരിശോധന പൂർത്തീകരിക്കേണ്ടതാണ്.
5. ഇപ്രകാരം സ്റ്റോക്ക് പരിശോധന പൂർത്തികരിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ (ജന)മാരും, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാരും തമ്മിൽ കൂടിയാലോചിച്ച് സ്വീകരിക്കേണ്ടതാണ്.
6. സ്റ്റോക്ക് പരിശോധനയ്ക്കായി സംഘം/ബാങ്കുകൾ അടച്ചിടുന്ന സാഹചര്യവും, ഇടപാടുകാർക്കും, സ്ഥാപനത്തിന്റെ പ്രവർത്തനത്തിനും തടസ്സം വരാത്തരീതിയിലും മേൽ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.
7. സ്റ്റോക്ക് പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കേണ്ടതും, സർക്കാർ, രജിസ്ട്രാർ, ജില്ലാ ഭരണകൂടം, പോലീസ് എന്നിവർ യഥാസമയം നൽകുന്ന ഉത്തരവുകളും, നിർദ്ദേശങ്ങളും പാലിക്കേണ്ടതും, പ്രാദേശികമായ സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് സ്റ്റോക്ക് പരിശോധന സംബന്ധിച്ച് ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, അർബൻ ബാങ്കുകൾ എന്നിവയ്ക്ക് കൂടി ബാധകമായിരിക്കുന്നതാണ്

ഒപ്പ്
അലക്സാണ്ടർ.എ, ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. സെക്രട്ടറി, സഹകരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. ബന്ധപ്പെട്ട അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.
3. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
4. കേരള സംസ്ഥാന സഹകരണ ബാങ്ക്.
5. മലപ്പുറം ജില്ലാ സഹകരണ ബാങ്ക്.
6. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.
7. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
9. മറ്റു ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്(അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.
10. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
11. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
12. എഡിറ്റർ/സഹകരണ വീഥി,
13. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.

ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.ബി)